"ഭരണഭാഷ മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - സവിശേഷ ശ്രദ്ധയും പരിഗണനയും ആവശ്യമുള്ള വിഭാഗങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ (കൈ)നം.730/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 03/04/2020

==========================================================================

പരാമർശം :
1) 16/03/2020-ലെ സ.ഉ (ആർ.ടി) നം.580/2020 H&FWD ഉത്തരവ്
2) 14/03/2020-ലെ സ.ഉ (സാ.ധാ) നം.620/2020 ത.സ്വ.ഭ.വ. ഉത്തരവ്
3) 01/02/2020-ലെ ഡി.സി 01/71/2020 ത.സ്വ.ഭ.വ. സർക്കുലർ.
4) 20/03/2020-ലെ സ.ഉ(കൈ) നം 55/2020 ത.സ്വ.ഭ.വ. ഉത്തരവ്.
5) 31/03/2020 ലെ സ.ഉ (കൈ) നം 59/2020. ത.സ്വ.ഭ.വ ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനം കോവിഡ്-19 ഭീഷണി നേരിടുന്ന പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പുകൾ വഹിക്കേണ്ട ഉത്തരവാദിത്വങ്ങൾ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. കോവിഡ് പ്രതിരോധത്തിലും തുടർന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പരാമർശം (2),(3),(4),(5) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ലോകമാകെ കോവിഡ് വ്യാപനത്തിന്റെ സ്വഭാവം പരിശോധിച്ചാൽ ഏറ്റവും വലിയ ഭീഷണി നേരിടുന്നത് രണ്ടു വിഭാഗങ്ങളാണെന്ന് വ്യക്തമാണ്. ഒന്ന്, വയോജനങ്ങൾ, വിവിധ രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർ, രോഗപ്രതിരോധ ശേഷികുറഞ്ഞവർ എന്നിവർ ഉൾപ്പെടുന്ന വിഭാഗം. രണ്ട്, രോഗവ്യാപനത്തിന്റെ ശക്തിയും വേഗതയും പരിഗണിക്കുമ്പോൾ പൂർണമായും സുരക്ഷിതമായ താമസസ്ഥലം ഉറപ്പാക്കാൻ ബുദ്ധിമുട്ടുള്ളവർ. ഏറ്റവും കൂടുതൽപേർ രോഗബാധിതരാകുന്നതും അതിൽ ഭൂരിഭാഗവും തീവ്രപരിചരണം

ആവശ്യമായ ഘട്ടത്തിലേക്ക് കടക്കുന്നതും ഈ വിഭാഗങ്ങളിലാണ്. കോവിഡ് മൂലമുള്ള മരണത്തിൽ ബഹുഭൂരിപക്ഷവും ഈ രണ്ടുവിഭാഗങ്ങളിൽത്തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് കോവിഡ് ഭീഷണിയുടെ പശ്ചാത്തലത്തിൽ മേൽപറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെ, ഈ രണ്ടുവിഭാഗങ്ങളും പ്രത്യേകം ശ്രദ്ധയും പരിരക്ഷയും അർഹിക്കുന്നു. അത് ഉറപ്പുവരുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട അടിയന്തിര നടപടികളെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുബന്ധം 1 പ്രകാരമുള്ള സവിശേഷ പരിഗണന ആവശ്യമായ വിഭാഗങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

**സംഘടനാ സംവിധാനം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി ഒരു ഹെൽപ് ഡെസ്ക് അനിവാര്യമാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണായിരിക്കണം ഹെൽപ് ഡെസ്ക് പ്രവർത്തനത്തിന്റെ ചുമതല. മറ്റുചുമതലക്കാരെ ഭരണസമിതിക്ക് തീരുമാനിച്ച് ഉൾപ്പെടുത്താവുന്നതാണ്. ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്കും ഹെൽപ് ഡെസ്കിന്റെ നടത്തിപ്പ് സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ നൽകാവുന്നതാണ്. ഹെൽപ് ഡെസ്ക് തുടക്കത്തിൽ ഓഫീസ് സമയത്തും പിന്നീട് ആവശ്യമായിവന്നാൽ അധികസമയവും പ്രവർത്തിക്കുന്ന രീതിയിൽ സംവിധാനം ചെയ്യേണ്ടതാണ്. ഹെൽപ് ഡെസ്കിൽ വാട്സാപ്പുള്ള രണ്ട് ഫോൺ നമ്പറുകൾ മിനിമം ഉണ്ടായിരിക്കേണ്ടതാണ്. ആ ഫോൺ നമ്പറുകൾ 24 മണിക്കൂറും ലഭ്യമായിരിക്കേണ്ടതാണ്. ഈ ഹെൽപ് ഡെസ്ക് പൂർണമായും പ്രത്യേകപരിഗണന ആവശ്യമുള്ളവർക്കുവേണ്ടി മാത്രമുള്ളതായിരിക്കണം.

ഹെൽപ് ഡെസ്ക് പ്രവർത്തനത്തിന്റെ ഫീൽഡ് തല ഉത്തരവാദിത്വം വാർഡുതല സമിതികൾക്കായിരിക്കണം. ഇത്തരം പ്രവർത്തനങ്ങൾക്കായി വാർഡുതല സമിതികൾ സജീവമാകുന്നതിനുള്ള നിർദേശം പരാമർശം (4) പ്രകാരം നൽകിയിട്ടുള്ളതാണ്. ഫീൽഡ് തലത്തിലുള്ള ഏകോപനം വാർഡിലെ അയൽക്കൂട്ടങ്ങൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധഗ്രൂപ്പുകൾ എന്നിവയിലൂടെ നടപ്പിലാക്കാവുന്നതാണ്. ഓരോ വാർഡുതല സമിതിയിലും ഒരു സെൽഫോൺ കോവിഡുമായി ബന്ധപ്പെട്ട ആശയവിനിമയത്തിനായി മാറ്റിവയ്ക്കേണ്ടതാണ്.

ഹെൽപ് ഡെസ്കിനെ ജില്ലാകളക്ടറേറ്റിനും സംസ്ഥാനതല കോവിഡ് വാർ റൂമിനും പുറമേ താഴെ പറയുന്ന ഏജൻസികളും സേവനങ്ങളുമായി നിർബന്ധമായും ബന്ധപ്പെടുത്തിയിരിക്കണം.

1. പ്രാഥമികാരോഗ്യ കേന്ദ്രം, ആരോഗ്യ വകുപ്പ്
2. പോലീസ്
3. കമ്മ്യൂണിറ്റി കിച്ചൻ
4. ഐ.സി.ഡി.എസ്
5. റേഷൻ വിതരണ സംവിധാനം
6. ആംബുലൻസ്
7. മറ്റ് അവശ്യ സർവീസുകൾ

സവിശേഷ പരിഗണന ആവശ്യമുള്ളവർക്കായുള്ള സെൽ രൂപീകരിച്ചു കഴിഞ്ഞാൽ പ്രതിവാരം യോഗം ചേർന്ന് സെല്ലിന്റെ പ്രവർത്തനത്തിലൂടെ കൃത്യമായി സഹായം ലഭ്യമാകുന്നുണ്ടെന്ന് ദൈനംദിനം ഉറപ്പു വരുത്തേണ്ടതാണ്.

**പ്രവർത്തന രീതി**

കോവിഡ് ആക്ഷൻ സെല്ലിന്റെ നേതൃത്വത്തിൽ അനുബന്ധം 1 ൽ പറഞ്ഞിരിക്കുന്ന സവിശേഷ പരിഗണന ആവശ്യമുള്ളവരുടെ വീടുകളിൽ ഹെൽപ് ഡെസ്ക് സേവനം ലഭ്യമാക്കുന്ന ഫോൺ നമ്പറുകൾ ഒരു സ്ലിപ്പിൽ പ്രിന്റ് ചെയ്ത് വ്യക്തമായി കാണുന്ന രീതിയിൽ കാണുന്ന സ്ഥലത്ത് പതിപ്പിക്കണം. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പ്രിന്റ് ചെയ്ത സ്ലിപ്പ് പതിപ്പിക്കുന്നതിന് സാധ്യത ഇല്ലെങ്കിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ഹെൽപ് ഡെസ്കിന്റെ ഫോൺ നമ്പറുകൾ കൈമാറി അവ വ്യക്തമായി എഴുതിയ കടലാസ് ഓരോ വീട്ടിലും പതിപ്പിക്കാൻ നിർദേശം കൊടുക്കാവുന്നതാണ്. ഒറ്റയ്ക്ക് താമസിക്കുന്നവർ, ആശ്രയമില്ലാത്ത കിടപ്പുരോഗികൾ, വീടില്ലാത്തവർ, എന്നിവരുടെ ചുമതല വാർഡിൽ സമീപത്തുള്ള ഒരാളിനെ ഏൽപ്പിക്കണം. ആവശ്യമെങ്കിൽ ഫോൺ മുഖാന്തിരം ഹെൽപ് ഡെസ്കിൽ ബന്ധപ്പെടൽ അവരുടെ ചുമതലയായിരിക്കും.

ഹെൽപ് ഡെസ്കിൽ നിന്ന് സഹായം ആവശ്യപ്പെടുന്നവർക്കുവേണ്ട സേവനം അടിയന്തിരപ്രാധാന്യത്തോടെ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കുകയും സേവനം കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുകയും അത് വാർഡ് തല സമിതിയിൽ അറിയിക്കുകയും വേണം. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും,

വാർഡു തലത്തിലും നൽകുന്ന ഓരോ സേവനവും രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആ വിവരങ്ങൾ അവലോകന യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങൾ ഇത്തരത്തിൽ ഹെൽപ് ഡെസ്കിലൂടെ ഏകീകരിക്കാവുന്നതാണ്.

1. കോവിഡിന്റെ സമൂഹവ്യാപനം തടയുന്നതിനാവശ്യമായ ഇടപെടലുകൾ - സുരക്ഷയ്ക്കായുള്ള റിവേഴ്സ് ക്വാറന്റൈൻ, ക്വാറന്റൈൻ സെന്ററുകളിലേക്ക് രോഗലക്ഷണമുള്ളവരെ മാറ്റിപാർപ്പിക്കൽ എന്നിവയടക്കം.
2. തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ടുനൽകുന്ന സേവനങ്ങൾ സവിശേഷ പരിഗണന ആവശ്യമുള്ള വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നവെന്ന ഉറപ്പുവരുത്തൽ.
3. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കൽ

സമയബന്ധിതമായി അവശ്യ സേവനങ്ങൾ പ്രത്യേക പരിഗണന ആവശ്യമുള്ളവർക്ക് എത്തിക്കുക എന്നുള്ള ലക്ഷ്യത്തെ മുൻനിർത്തി അതിന് അനുയോജ്യരായ വ്യക്തികളെ മേൽപറഞ്ഞ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ ഉറപ്പുവരുത്തേണ്ടതാണ്. കോവിഡിന്റെ സാമൂഹ്യപ്രത്യാഘാതം കുറയ്ക്കുന്നതിന് അത് അനുപേക്ഷണീയമാണ്.

**ചെലവുകൾ**

അടിയന്തിര പരിഗണന ആവശ്യമുള്ള വിഭാഗങ്ങൾക്കുവേണ്ടി ഇപ്രകാരം സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കുവേണ്ട ചെലവ് പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്/വികസന ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ശാരദ മുരളീധരൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ

ചീഫ് എൻജിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർ

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും

എല്ലാ നഗരസഭ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും

ഡയറക്ടർ കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എയ്ക്ക്

അനുബന്ധം-1

| ക്രമ നം | സവിശേഷ ശ്രദ്ധ ആവശ്യമുള്ള വിഭാഗങ്ങൾ | ഉറപ്പാക്കേണ്ട സഹായം |
|---|---|---|
| 1 | വയോജനങ്ങൾ, സാന്ത്വന ചികിത്സയിലുള്ളവർ, സ്ഥിരം ചികിത്സ വേണ്ടവർ*, കെയർ ഹോം അന്തേവാസികൾ. | • റിവേഴ്സ് ക്വാറന്റൈൻ (സമ്പർക്കത്തിലൂടെ രോഗം വരാതിരിക്കാനുള്ള മുൻകരുതൽ ഉറപ്പാക്കിയുള്ള താമസം)<br>• മരുന്ന്<br>• ഭക്ഷണ സാമഗ്രികളുടെ കിറ്റ്<br>• കൗൺസലിങ്<br>• പരിചരണം നൽകുന്നവരുടെ പിന്തുണ |
| 2 | കാൻസർ ചികിത്സയിലിരിക്കുന്നവർ* | |
| 3 | ഹൃദ്രോഗ ബാധിതർ, ഹൃദ്രോഗത്തിന് ചികിത്സയിലുള്ളവർ, ഹൃദയ ശസ്ത്രക്രിയയോ ആൻജിയോപ്ലാസ്റ്റിയോ കഴിഞ്ഞവർ. | |
| 4 | ശ്വാസകോശ രോഗങ്ങളുള്ളവർ, ആസ്ത്മയുള്ളവർ, സ്ഥായിയായ ശ്വാസ തടസ്സരോഗം (COPD) അനുഭവിക്കുന്നവർ. | |
| 5 | രോഗപ്രതിരോധ ശേഷി കുറയുന്ന സ്ഥിതിവിശേഷം നേരിടുന്നവർ | |
| 6 | ആറു വയസ്സുവരെ പ്രായമുള്ള കുട്ടികൾ | • പൂരക പോഷകാഹാരം<br>• വിനോദത്തിനുള്ള ഉപാധികൾ |
| 7 | വിഭിന്ന ശേഷി വിഭാഗങ്ങൾ | • മരുന്ന്<br>• ഭക്ഷണ സാമഗ്രികളുടെ കിറ്റ്<br>• കൗൺസലിങ്<br>• വിനോദത്തിനുള്ള ഉപാധികൾ<br>• രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണം<br>• വീട്ടിലോ അയൽപക്കത്തോ രോഗ ലക്ഷണങ്ങൾ കണ്ടാൽ റിവേഴ്സ് ക്വാറന്റൈൻ |
| 8 | പട്ടിക ജാതി വിഭാഗങ്ങളുടെ സെറ്റിൽമെന്റുകൾ | • രോഗലക്ഷണമുള്ളവരെ കമ്മ്യൂണിറ്റി ക്വാറന്റൈൻ സെന്ററിലേക്ക് മാറ്റിപാർപ്പിക്കൽ<br>• ആവശ്യമായിടങ്ങളിലും ആൾക്കാർക്കും റിവേഴ്സ് ക്വാറന്റൈൻ<br>• കോവിഡ് അനുബന്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>• ഭക്ഷണ സാമഗ്രികളുടെ കിറ്റ്<br>• ആവശ്യമായ മരുന്നുകൾ<br>• സെറ്റിൽമെന്റുതല ശുചീകരണ |
| 9 | പട്ടികവർഗ്ഗ ഊരുകൾ | |
| 10 | മൽസ്യത്തൊഴിലാളി ഗ്രാമങ്ങൾ | |
| 11 | ലക്ഷം വീട് കോളനികൾ, മറ്റ് സെറ്റിൽമെന്റുകൾ | |
| 12 | ചേരി നിവാസികൾ | |

| | | |
|---|---|---|
| | | പ്രവർത്തനങ്ങൾ<br>• ആവശ്യമെങ്കിൽ ആരോഗ്യ പരിശോധന |
| 13 | അതിഥിത്തൊഴിലാളികൾ | • ക്യാമ്പുകളിൽ ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ |
| 14 | ഗർഭിണികൾ | • പൂരക പോഷകാഹാരം<br>• ഭക്ഷണ സാമഗ്രികളുടെ കിറ്റ്<br>• ആവശ്യമായ മരുന്നുകൾ<br>• കൗൺസിലിങ്<br>• വീട്ടിലോ അയൽപക്കത്തോ രോഗലക്ഷണം കണ്ടാൽ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിപാർപ്പിക്കൽ<br>• ഇതര രാജ്യങ്ങളിൽ നിന്നോ സംസ്ഥാനങ്ങളിൽ നിന്നോ വന്നവരുടെ സാമീപ്യം ഒഴിവാക്കൽ |
| 15 | കിടപ്പാടം ഇല്ലാത്തവർ | • കിടപ്പാടം ഉറപ്പുവരുത്തൽ<br>• മരുന്ന്<br>• ഭക്ഷണ സാമഗ്രികളുടെ കിറ്റ്<br>• പരിചരണം |

*കാൻസർ ചികിത്സയിലിരിക്കുന്നവർ, 70 വയസ്സിനുമുകളിലുള്ളവർ, സ്ഥിരം ചികിത്സവേണ്ടവർ എന്നിവരെ സംബന്ധിക്കുന്ന വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ (IKM) പക്കൽ ലഭ്യമാണ്. പ്രസ്തുത വിവരങ്ങൾ ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ മുഖാന്തിരം തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതാണ്.